ശ്രീ. കെ. ജെ. ജോർജ് അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

1986-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ കൃഷിയും സംയോജിത ഗ്രാമവികസനവും എന്ന ഒന്നാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയ്ക്ക് അയച്ചു.

(2) 1986-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 1986-ലെ കേരള സിവിൽ കോടതി ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസു പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങളും വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, 1986-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങളും സംബന്ധിച്ച പത്താം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ഞാൻ അതിനെ പിൻതാങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) സർ, ഇതു പ്രായോഗികമായി ചെയ്യേണ്ട ഒരു ചെറിയ ഭേദഗതിയാണ്. ഇവിടെ മുനിസിഫ് കോടതിയുടെ ധനപരമായ അധികാരപരിധി പഴയ നിയമത്തിലെ വ്യവസ്ഥയനുസരിച്ച് 5000 രൂപയാണ്. ഭൂമിയുടെ വില കൂടിയതുകൊണ്ടും മറ്റു കാരണങ്ങൾകൊണ്ടും ഇപ്പോൾ മിക്കവാറും 5000 രൂപയ്ക്കു മേലെയുള്ളതാണ് വരുന്നത് എന്നുള്ളതുകൊണ്ട് മുനിസിഫ് കോടതിക്കു ജോലിയില്ലാതെ വരുന്നു. 5000 രൂപയ്ക്കു മേലെയുള്ളതു ജില്ലാ കോടതിക്കു പോകും. അതിന്റെ ഫലമായി മുനിസിഫ് കോടതിക്കു ജോലിയില്ലാതെ വരുകയും ജില്ലാ കോടതിക്കു ജോലി വർദ്ധിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ ആതുക വർദ്ധിപ്പിക്കണമെന്നുള്ളതാണ് ഭേദഗതി. അതുപോലെതന്നെ മുനിസിഫ്കോടതിയിൽ 5000 രൂപയിൽനിന്നും 15,000 രൂപയായി ഉയർത്തുമ്പോഴും ജില്ലാ കോടതിക്കുള്ള 10,000 രൂപയുടെ അധികാരം 25,000 രൂപയായി വർദ്ധിപ്പിക്കണമെന്നുള്ളതാണ് ഭേദഗതി. ഇതു വലിയൊരു തർക്കവിഷയമായിട്ടുള്ളതാണ്. അതുപോലെ ഹൈക്കോടതിക്കു നോട്ടിഫിക്കേഷൻ പ്രകാരം ഓരോ ജൂറിസ്ഡിക്ഷനിലും കോടതിയെ ചുമതലപ്പെടുത്തുന്ന കാര്യത്തിൽ ഇന്നു മുനിസിഫ് കോടതി 500 രൂപയും മേൽ കോടതിക്കു 1000 രൂപയുമാണുള്ളത്. അത് ആയിരവും 1500 രൂപയായി വർദ്ധിപ്പിക്കണം. മറ്റൊന്ന് ഹൈക്കോടതി നേരിട്ടു കേസുകൾ കൈകാര്യം ചെയ്യുന്ന വ്യവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വെക്കേഷൻ സമയത്താണെങ്കിൽ താൽക്കാലികമായിട്ടുള്ളത് ഉംപ്പെടെയുള്ള കേസുകൾ ഹൈക്കോടതിയിൽ വരണം. അപ്പോൾ ഹൈക്കോടതിയുടെ ജോലി വർദ്ധിക്കുകയാണ്. അത് ഒഴിവാക്കുന്നതിനുവേണ്ടി ഓരോ ജില്ലയിലും ഓരോ ജഡ്ജിയെ അധികാരപ്പെടുത്തുന്നതാണ് മറൊന്ന്. സർ, ഇതല്ലാതെ വരുന്നതുകൊണ്ട് ഹൈക്കോടതിയുടെ ജോലി വർദ്ധിക്കുന്നു. താൽക്കാലികമായി കാര്യങ്ങൾ ഉണ്ടാകുന്ന ആളുകൾക്ക് തങ്ങളുടെ പ്രദേശത്തുതന്നെ പരിഹാരമുണ്ടാക്കാനുള്ള മാർഗ്ഗം കൂടി കണക്കിലെടുത്തുകൊണ്ടാണ് ഹൈക്കോടതി ഓരോ ജില്ലയിലും ഓരോ ജില്ലാ ജഡ്ജിയെ ചുമതലപ്പെടുത്താൻ വ്യവസ്ഥ ഏർപ്പെടുത്തിയത്. ഇതു സാധാരണഗതിയിൽ വളരെയധികം സൗകര്യപ്രദമായ ഒരു ഭേദഗതിയാണ്. ഇതു സംബന്ധിച്ചു പലപ്പോഴും ഈ സഭയിൽ നിയമം കൊണ്ടുവന്നിട്ടുണ്ടെങ്കിലും നമ്മുടെ വ്യവസ്ഥ അനുസരിച്ച് പാസാക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ഈ അവസരത്തിൽ കമ്മിറ്റിക്കു റഫർചെയ്ത് പാസ്സാക്കിതരാനുള്ള നടപടിക്ക് അനുമതി നൽകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

Shri Varkala Radhakrishnan : Sir, I move that "This House resolves to disapprove the Kerala Civil Courts (Amendment) Ordinance, 1986 (Ordinance No. 56 of 1986)".

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

സർ, ഈ ഭേദഗതി ബില്ലിനെ ഞാൻ തത്വത്തിൽ അനുകൂലിക്കുകയാണ്. 5,000 രൂപ എന്നുള്ള പരിധി വളരെ വർഷങ്ങൾക്കുമുമ്പ് തീരുമാനിച്ചതാണ്. അതു വർദ്ധിപ്പിക്കേണ്ട കാലം വളരെ അതിക്രമിച്ചിരിക്കുന്നു. ഈ വൈകിയ വേളയിൽ എങ്കിലും അതിനു തയ്യാറായതിൽ എനിക്കു സന്തോഷമുണ്ട്. കാരണം സാധനങ്ങളുടെയും വസ്തുക്കളുടെയും വില കൂടിയിരിക്കുന്ന സാഹചര്യത്തിൽ 5,000 രൂപ 15,000 രൂപയായി വർദ്ധിപ്പിക്കുന്നതുകൊണ്ട് രണ്ട് ഗുണങ്ങൾ നമുക്ക് നേടിയെടുക്കാൻ കഴിയും. ഒന്ന്, സബ്കോടതിയുടെ ക്രമാതീതമായ ജോലി ഭാരം കുറവ് ചെയ്യുക. രണ്ട്. മുനിസിഫ് കോടതിയിൽ ഇന്നു ജോലി ഇല്ലാതിരിക്കുന്ന സ്ഥിതി കുറയ്ക്കുക. അവരുടെ അധികാരം വർദ്ധിപ്പിക്കുന്നതുകൊണ്ട് അവർക്ക് കൂടുതൽ കേസുകൾ കേൾക്കാനുള്ള സൗകര്യം കിട്ടും. അങ്ങനെ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം രണ്ട് ഗുണങ്ങളുണ്ട്. ഇതിനിടയിൽ ഒരു കാര്യം എനിക്ക് പറയാനുള്ളത് ഈ രാജ്യത്ത് ഇന്നു നീതി വളരെ വില കൂടിയതാണ്. നമ്മുടെ രാജ്യത്ത് നീതി വളരെ വില കുറഞ്ഞുതന്നെ കിട്ടണം. ഈ രാജ്യത്തു പാവപ്പെട്ടവരാണ് ബഹുഭൂരിപക്ഷം ആളുകളും. ആ പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം നീതിപീഠം ഇന്നു അപ്രാപ്യമായിത്തീർന്നുകൊണ്ടിരിക്കുകയാണ്. കാലാകാലങ്ങളിൽ ഗവൺമെൻറ് ഏർപ്പെടുത്തുന്ന സ്റ്റാമ്പ് ഡ്യൂട്ടികളുടെ വർദ്ധനവും കേസ്സിന്റെ സലയിൽ വരുന്ന വർദ്ധനവും നിമിത്തം നമ്മുടെ രാജ്യത്തെ പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം നീതി ഇന്ന് അവർക്കു നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അപ്പോൾ എല്ലാവർക്കും തുല്യമായി നീതി കിട്ടണമെന്നുള്ള, നമ്മുടെ രാജ്യത്തെ സോഷ്യലിസ്റ്റ് സാമൂഹ്യ വ്യവസ്ഥയുടെ ലക്ഷ്യത്തിന് ഉതകുന്ന നിലയിൽ ഈ രാജ്യത്തെ നടപടിക്രമങ്ങളിൽ മാറ്റം വരുത്തണം. അതു സംബന്ധിച്ചാണ് എനിക്കു മുഖ്യമായും ഗവൺമെൻറിനേറെയും ഈ സഭയുടേയും ശ്രദ്ധയിൽ കൊണ്ടു വരാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.പി. പി. തങ്കച്ചൻ : ഈ ഗവൺമെൻറ് വന്നതിനുശേഷം പാവപ്പെട്ട കക്ഷികൾക്ക് വേണ്ടി സൗജന്യ നിയമസഹായം കിട്ടുന്നതിനുവേണ്ടി ഗവൺമെൻറിൽ നിന്നുതന്നെ ശമ്പളം കൊടുത്തു വക്കീലൻമാരെ ഏർപ്പെടുത്തിയിട്ടുള്ള കാര്യം താങ്കൾക്കറിയാമോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഒന്നാമതു ശ്രീ. പി. പി. തങ്കച്ചനു ഇതു സംബന്ധിച്ചു വേണ്ടത്ര വിവരം കിട്ടിയിട്ടില്ല. ഈ ഗവൺമെൻറ് വന്നിട്ടല്ല. പണ്ടേ ഇതു നിലവിലുള്ളതാണ്. പാവപ്പെട്ടവനുവേണ്ടി നിയമ സഹായം നടത്തുന്ന ഒരാളാണ് ഞാൻ. അതുകൊണ്ടാണ് ഞാൻ ഇങ്ങനെ സംസാരിക്കുന്നത്. പാവപ്പെട്ടവനെ സംബന്ധിച്ചാടത്തോളം നീതി ഇന്നു അപ്രാപ്യമാണ്. പാവപ്പെട്ടവന് നീതി ലഭിക്കണമെങ്കിൽ അതിന് വില വളരെ കൂടുതലാണ്. 5,000 രൂപയുടെ ഒരു സലക്ക് 500 രൂപ കോടതി ഫീസ് കെട്ടണം. 10,000 രൂപ എന്നു പറഞ്ഞാൽ ഒരു സെൻറു ഭൂമിയുടെ വിലയാണ്. അപ്പോഴും 10,000 രൂപയുടെ ഒരു cause of action-നു വേണ്ടി ആയിരം രൂപ കോടതി ഫീസ് ഒടുക്കണം. ഇതു സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം വളരെ കൂടുതലാണ്. 10 സെൻറു ഭൂമി കുടികിടപ്പു കിട്ടിയ ഒരുത്തന് അതിൻ മേലുള്ള കേസ് സ്ഥാപിച്ചെടുക്കാൻ 10 സെൻറു ഭൂമിക്ക് ചിലപ്പോൾ 15,000, 20,000, 50,000 രൂപവരെ വേണ്ടി വരും. അത്രയും വില വരുമ്പോൾ അതിൻെറ അവകാശം സ്ഥാപിച്ചെടുക്കാൻ ആ വസ്തുവിനെ സംബന്ധിച്ച് ഒരു കേസ് കൊടുക്കണമെങ്കിൽ ഈ 10 സെൻറ് ഭൂമിക്ക് 50,000 രൂപ വില നിശ്ചയിച്ചാൽ 5,000 രൂപ ഫീസ് ഒടുക്കണം. അതുകൊണ്ട് പാവപ്പെട്ട ഈ നാട്ടിലെ കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം വസ്തുവിനുള്ള അവകാശം സ്ഥാപിച്ചെടുക്കാൻ അവർക്ക് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

അതുകൊണ്ട് കോർട്ട് ഫീസ് കുറയ്ക്കണമെന്നാണ് പറയുന്നത്. സോഷ്യലിസ്റ്റ് സാമൂഹ്യ വ്യവസ്ഥിതിയെ സംബന്ധിച്ച് നമ്മൾ ഗിരിപ്രഭാഷണം നടത്തിയതുകൊണ്ട് കാര്യമില്ല. നീതി എല്ലാ വർക്കും തുല്യമായി ലഭിക്കണം. ഇന്നത്തെ വ്യവസ്ഥിതിയിൽ പണക്കാരന് മാത്രമേ നീതി ലഭിക്കുന്നുള്ളൂ. പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം ഈ വ്യവസ്ഥിതിയിൽ നീതി അപ്രാപ്യമാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് നമുക്ക് ഇതിൻെറ വീക്ഷണത്തിലും ഇതിൻെറ സമീപനത്തിലും മൗലികമായ മാറ്റം വരുത്തണമെന്ന്. അതിനുവേണ്ടി ഇന്നത്തെ ഈ ടാക്സ് സമ്പ്രദായം അവസാനിപ്പിക്കണം. ഞാൻ ഇത് പറയാൻ കാരണം വേറൊന്നും വിസ്മരിച്ചു കൊണ്ടല്ല. എങ്കിൽ പാപ്പർ സ്യൂട്ട് കൊടുത്തു കൂടേയെന്ന് ചോദിച്ചേക്കാം. പാപ്പർ സ്യൂട്ടിന് വ്യവസ്ഥയുണ്ട്, ഇല്ലെന്ന് ഞാൻ പറഞ്ഞില്ല. പക്ഷേ പാപ്പർ സ്യൂട്ട് അനുവദിച്ചു കോടതിയിൽ വരണമെങ്കിൽ രണ്ടോ, മൂന്നോ കൊല്ലം പിടിക്കും. കോടതിയിൽ നിന്നും ഗസറ്റിൽ പോയി, അവിടെ നിന്ന് വില്ലേജാഫീസർക്ക് പോയി വില്ലേജാഫീസർ വഴി ലാ ഡിപ്പാർട്ടുമെൻറുവഴി കോടതിയിൽ പോയതിന് തിരിച്ച് സർട്ടിഫിക്കറ് വരുമ്പോൾ ഈ നടപടികൾ മുഴുവൻ പൂർത്തിയായി പാപ്പർ സ്യൂട്ട് കിട്ടാൻ ഒന്നരയോ, രണ്ടോ, കൊല്ലം പിടിക്കും. നീതി അങ്ങേയറ്റം നിഷേധിക്കപ്പെടുകയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഈ രാജ്യത്തെ പാവപ്പെട്ടവനെ സംബന്ധിച്ചിടത്തോളം പെട്ടെന്ന് അവന് നീതി ലഭ്യമാക്കിത്തീർക്കണം എന്ന്. അതിന് ജസ്റ്റിസ് ചിപ്പായി രൂപാന്തരപ്പെടുത്തണം. അതിന് സംസ്ഥാന ഗവൺമെൻറും കേന്ദ്ര ഗവൺമെൻറും തീരുമാനിക്കണം. നമ്മുടെ സമീപനം ആ നിലയിലുള്ളതായിരിക്കണം. അല്ലെങ്കിൽ ഈ സോഷ്യലിസവും,

12 noon]

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതി സമഗ്രവുമൊക്കെ നമ്മൾ പ്രസംഗിച്ചിട്ട് കാര്യമില്ല. ബഹുഭൂരിപക്ഷം ആളുകളെ ബാധിക്കുന്ന ഒരു പ്രശ്നമെന്നുള്ള നിലയിൽ ഈ സമീപനം അംഗീകരിക്കാൻ കേന്ദ്രഗവൺമെൻറും, കേരളാ ഗവൺമെൻറും സന്നദ്ധമാകണം.

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് കോർട്ട് ഫീസ് കുറക്കണമെന്നാണ്. ഈ കോർട്ട് ഫീസ് പൊതുവിൽ കുറക്കുമ്പോഴും കോർട്ട് ഫീസ് കൊടുക്കാൻ കഴിവുള്ള മേ ഉടമകൾക്ക് ആ ആനുകൂല്യം കിട്ടുകയല്ലേ ചെയ്യുന്നത് ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : കോർട്ട് ഫീസ് കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം സ്ലാബ് സിസ്റ്റം ഏർപ്പെടുത്തണം. സ്ലാബ് സിസ്റ്റത്തെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്. പണക്കാരായിട്ടുള്ള ആളുകൾക്ക് സ്ലാബ് സിസ്റ്റം വഴി കൊടുക്കാനുള്ള സ്ഥിതിയുണ്ടാകണം. എന്നാൽ പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം, 25,000-ഉം 50,000-ഉം രൂപയുടെ സ്വത്തുള്ള ആളുകളെ ഈ കോർട്ട് ഫീസിൽ നിന്ന് ഒഴിവാക്കണം. പണക്കാരനോട് കോർട്ട് ഫീസ് കൊടുക്കാൻ പറയണം. അവർ കൂട്ടികൊടുക്കുന്നതിലും തെറ്റില്ല. പണക്കാരനോട് കൂടുതൽ കോർട്ട് ഫീസ് കൊടുക്കാൻ ആവശ്യപ്പെടുന്നതിൽ യാതൊരു തെറ്റുമില്ല. പാവപ്പെട്ടവനെ സംബന്ധിച്ചിടത്തോളം കോർട്ട് ഫീസിൽ നിന്ന് അവരെ ഒഴിവാക്കണം. അതായിരിക്കണം സമീപനം. എങ്കിൽ മാത്രമേ നമ്മുടെ രാജ്യത്ത് നീതിപൂർവ്വമായ ഒരു ക്രമമുണ്ടായിയെന്ന് നമുക്ക് അവകാശപ്പെടാനാവുകയുള്ളൂ.

ശ്രീ. പി. പി. തങ്കച്ചൻ : താങ്കൾ ഇതൊക്കെ പറഞ്ഞല്ലോ. പാവങ്ങളുടെ കേസ് നടത്തുന്നതിന് താങ്കൾ കോർട്ട് ഫീസ് വാങ്ങാതിരിക്കുന്നുണ്ടോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : പാവപ്പെട്ടവർക്ക് കേസ് നടത്തുന്നതിനുള്ള സൗകര്യം സർക്കാർ തന്നെ ചെയ്തു കൊടുക്കണം. ഇന്ന് പല കോടതികളിലും സർക്കാർ പാവപ്പെട്ടവന് കേസ് നടത്താൻ നാമമാത്രമായിട്ടാണ് ആളെ ഏർപ്പെടുത്തിയിരിക്കുന്നത്. അത് ക്രിമിനൽ കേസിന് മാത്രമാണ്. പാവപ്പെട്ടവൻറെ സിവിൽ കേസ് നടത്താൻ ഇതുവരെ ആരെയും ചുമതലപ്പെടുത്തിയിട്ടില്ല.

ശ്രീ. പി. പി. തങ്കച്ചൻ : എല്ലാ മുൻസിഫ് കോടതികളിലും, പാവപ്പെട്ടവരുടെ കേസ് സൗജന്യമായി നടത്താൻ അതിനുള്ള വക്കീലൻമാരുടെ പാനലിൽനിന്ന് രണ്ടുപേരെ ഏർപ്പെടുത്തിയിട്ടുള്ളതായി ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാൻ കഴിഞ്ഞിട്ടുണ്ടോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : സിവിൽ കോടതിയിൽ ഏർപ്പെടുത്തിയിട്ടുള്ള വക്കീലൻമാർ ആരും ഈ കേസ് എടുക്കാറില്ല. പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം ഇന്നും കോടതി അപ്രാപ്യമായിതന്നെയാണ് സ്ഥിതി ചെയ്യുന്നത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് നമ്മുടെ അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റീസ് എന്നുള്ള മൗലിക നടപടിക്രമത്തിൽ മാറ്റം വരുത്തണമെന്ന്. അതിന് സ്ലാബ് സിസ്റ്റം ഏർപ്പെടുത്തി പാവപ്പെട്ടവനെ പൂർണ്ണമായും സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും എക്സംപ്റ്റു ചെയ്യണം. അത് അംഗീകരിക്കുന്നതോടൊപ്പം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ കൊണ്ടുവന്ന ഈ നിയമനിർമ്മാണത്തെ ഞാൻ പിന്താങ്ങുന്നു. അതിൽ അഭിപ്രായ വ്യത്യാസമില്ല. ഇത് ആവശ്യമാണ്, ഇത് മുൻകൂട്ടി ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.എ. വി.താമരാക്ഷൻ : സുപ്രീം കോടതിയിലേയും ഹൈക്കോടതിയിലേയും ജഡ്ജിമാരുടെ സേവനവേതനവ്യവസ്ഥകളിൽ കേന്ദ്രഗവൺമെന്റ് ഭരണഘടനാഭേദഗതി വരുത്തിയ സാഹചര്യത്തിൽ കീഴ്കോടതികളിലെ ജഡ്ജിമാരുടെ സേവന വേതന വ്യവസ്ഥകളും ആകർഷകമായ നിലയിൽ പരിഷ്ക്കരിക്കാത്തതിന്റെ ഫലമായി കഴിവും പ്രാഗൽഭ്യവുമുള്ള സത്സനന്ധരായ അഭിഭാഷകർ ജഡ്ജിമാരായി വരുന്നില്ലെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് അവരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ടതല്ലേ?

ശ്രീ.വർക്കല രാധാകൃഷ്ണൻ : അവരുടെ ശമ്പളം വർദ്ധിപ്പിക്കുക മാത്രമല്ല, ഇന്നത്തെ നിയമന സംപ്രദായത്തിലും മാറ്റം വരുത്തണം. ഇന്നത്തെ നിയമന സംപ്രദായം ശരിയല്ല. രാഷ്ട്രീയമായ പരിഗണനകൂടി വച്ചാണ് ഇന്ന് ജഡ്ജിമാരെ നിയമിക്കുന്നത്. അത് മാറണം. ജഡ്ജിമാരുടെ നിയമനം പൂർണ്ണമായും യോഗ്യതയുടെ അടിസ്ഥാനത്തിലാക്കണം. അതിന് പ്രത്യേകമായ ഒരു സംവിധാനം ഏർപ്പെടുത്തണം. ഇൻഡ്യയിലെ ഒരു മുഖ്യമന്ത്രി, ഹൈക്കോടതി ജഡ്ജിയെ തീരുമാനിക്കുന്നതിൽ രാഷ്ട്രീയം കടന്നുകൂടുമെന്നുള്ളത് തീർച്ചയാണ്. അത് ഒരു അഡ്ജസ്റ്റ്മെന്റാണ്. മുഖ്യമന്ത്രിയുടെ ഒരു സ്ഥാനാർത്ഥി, ചീഫ് ജസ്റ്റീസിന്റെ ഒരു സ്ഥാനാർത്ഥി ഇതാണ് നടപടിക്രമം. ഈ രീതിയിൽ ഒരു മാറ്റം വരുത്തണം.

ശ്രീ.എം.എം. ഹസ്സൻ : ഇവിടെ നിങ്ങളും ഭരിച്ചകാലത്ത് അല്ലേ രാഷ്ട്രീയ പരിഗണനവച്ച് ആദ്യം ഹൈക്കോടതിയിൽ ജഡ്ജിമാരെ നിയമിച്ചത്? മാർക്സിസ്റ്റ് ഗവൺമെന്റിന്റെ കാലത്തല്ലേ ആദ്യമായിട്ട് ഈ ഏർപ്പാട് തുടങ്ങിയത്?

ശ്രീ. വർക്കല രാധാകൃഷ്ണൻ : അങ്ങനെയല്ല. ഹസ്സൻ ഈ ലോകത്തല്ലേ ജീവിക്കുന്നത്. അത് ഞാൻ പറഞ്ഞു തരാം. കേരള സംസ്ഥാനത്ത് കെ.എ. ഗംഗാധരമേനോൻ എന്ന് പറയുന്ന ഒരു രാഷ്ട്രീയ നേതാവിനെയാണ് ഹൈക്കോടതി ജഡ്ജിയായി കോൺഗ്രസ് ഗവൺമെന്റ് നിശ്ചയിച്ചത്. ഹസ്സൻ മറന്നു പോയോ? അതുകൊണ്ട് ഗണപതിക്ക് കുറിച്ചത് നിങ്ങളാണ്. അത് അവസാനിപ്പിക്കണം.

ശ്രീ. പി.പി. തങ്കച്ചൻ : ശ്രീ. ജസ്റ്റീസ് സുബ്രഹ്മണ്യംപോറ്റിയെ നിയമിച്ചത് രാഷ്ട്രീയ പരിഗണന വച്ചായിരുന്നോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : അല്ല. രാഷ്ട്രീയ പരിഗണനവച്ച് നിയമിച്ച എത്രയോ ലിസ്റ്റുണ്ട്. അത് ഞാൻ വേണമെങ്കിൽ പറയാം. ഈ സുപ്രീം കോടതി ജഡ്ജിമാരെ നിയമിക്കുന്നതും ഇൻഡ്യയിലെ വിവിധ ഹൈക്കോടതി ജഡ്ജിമാരെ നിയമിക്കുന്നതുമൊക്കെ രാഷ്ട്രീയ പരിഗണന വച്ചാണെന്ന് ആക്ഷേപിച്ചാൽ അതിൽ കുറ്റം പറയാൻ സാധിക്കുകയില്ല. ചിലതൊക്കെയുണ്ടാകും ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ആ വ്യവസ്ഥ മാറണം. നിയമനം പൂർണ്ണമായും രാഷ്ട്രീയ പരിഗണനകൂടാതെതീതമായി മെറിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം. അടുത്ത കാലത്ത് കേരളാ ഗവൺമെന്റ് ജില്ലാ ജഡ്ജിമാരെ നിയമിച്ചല്ലോ. സുപ്രീം കോടതിയിൽ പോയതാണ്. അഞ്ചുപേരെ നിയമിച്ചതിന്റെ കഥ ഞാൻ പറയണമോ ?

ശ്രീ. എസ്. ആർ. തങ്കരാജ് : ഇപ്പോഴും ലോവർ കോടതികളിൽ മുൻസിഫ്മാരുടെയും മജിസ്ട്രേറ്റുമാരുടെയും നിയമനം നടക്കാതെ ഒഴിവു കിടക്കുന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : ധാരാളം ഒഴിവുകളും കിടക്കുന്നുണ്ട്. ബാറിൽ നിന്ന് എടുക്കേണ്ട ജില്ലാ ജഡ്ജിമാരുടെ നിയമനം ഇന്നും നടന്നിട്ടില്ല. രാഷ്ട്രീയ പരിഗണനമൂലമാണ് ആ നിയമനം നടക്കാത്തത്. മുൻ ഗവൺമെൻറ് അവരുടെ ഒരു പാർശ്വവർത്തിയെ നിയമിക്കാൻ വേണ്ടി ജില്ലാ ജഡ്ജിമാരുടെ നിയമനം.....

ശ്രീമതി കെ. ആർ. ഗൗരി : സർ, സുബ്രഹ്മണ്യംപോറ്റിയെ രാഷ്ട്രീയ പരിഗണനയുടെ അടിസ്ഥാനത്തിലല്ലേ നിയമിച്ചതെന്ന ഒരു ചോദ്യം ഇവിടെ വന്നു. സുബ്രഹ്മണ്യംപോറ്റിയെ ഗവൺമെൻറ് അഡ്വക്കേറ്റ് ജനറൽ എന്നുള്ള നിലയിൽ വിട്ടുകൊടുക്കാത്തതുകൊണ്ട് സുപ്രീം കോടതിയിലെ ചീഫ് ജസ്റ്റീസ് ആയിരുന്ന ഹിദായത്തുള്ളയെ വിട്ടുകൊടുക്കാൻ റെക്കമൻറ് ചെയ്തിട്ടില്ലേ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : അതാണ് അന്നത്തെ നിയമനം. ഞാനും കൂടി അതിൽ പങ്ക് വഹിച്ചിരുന്നതുകൊണ്ട് എനിക്ക് നേരിട്ട് അറിയാവുന്ന ഒരു കാര്യമായതുകൊണ്ടാണ് ഞാൻ പറയുന്നത്. അതുകൊണ്ട് ഈ ജില്ലാ ജഡ്ജിമാരുടെ നിയമനം നടക്കാത്ത സാഹചര്യം ഗവൺമെൻറ് പരിഗണിക്കണം. തിരുവനന്തപുരത്തുള്ള പാവപ്പെട്ട ഒരു പെൺകുട്ടിയെ മെറിറ്റിൻറെ അടിസ്ഥാനത്തിൽ തെരഞ്ഞടുത്തു. അവരെ ഒഴിവാക്കാൻ വേണ്ടിയാണ് നിങ്ങൾ ഈ നിയമനം നടപ്പിലാക്കാതിരുന്നത്. ഒരു കോൺഗ്രസുകാരനായ വക്കീലിനെ ജില്ലാ ജഡ്ജിയായി ഈ ലിസ്റ്റ് മറികടന്ന് നിയമിക്കാൻ വേണ്ടിയാണ് ഇത് സുപ്രീം കോടതിവരെ പോയത്. ഇത് ഒരു ഗവൺമെൻറിനും ഭൂഷണമല്ല. രാഷ്ട്രീയ പരിഗണനവച്ചാണ് ആ നിയമനം നടത്താൻ ഗവൺമെൻറ് തീരുമാനിച്ചത്. ലിസ്റ്റ് പബ്ലിഷ് ചെയ്തു. ആളുടെ നിയമന ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ ഹൈക്കോടതി സ്റ്റേ ചെയ്തു. ആ നിയമനം മുഴുവൻ തെറ്റാണെന്ന് കേരളാ ഹൈക്കോടതി വിധിച്ചു. അതിൻമേൽ ഈ ഗവൺമെൻറ് സുപ്രീം കോടതിയിൽപോയി. സുപ്രീം കോടതിയും ഇത് തെറ്റാണെന്ന് പറഞ്ഞു. ഈ ഗവൺമെൻറ് രാഷ്ട്രീയ പരിഗണനവച്ചല്ലേ ബാറിൽ നിന്നുള്ള അഞ്ചു ജില്ലാ ജഡ്ജിമാരുടെ നിയമനം അനാവശ്യമായി ഇത്രയും നാൾവരെ നീണ്ടിക്കൊണ്ടുപോയത്. ആരാണ് ഇതിന് ഉത്തരവാദി ? അപ്പോഴും ഈ സബോർഡിനേറ്റ് ജുഡീഷ്യറിയായാലും, അതിൽ രാഷ്ട്രീയപരിഗണനവച്ച് പുലർത്തുന്നത് നമ്മുടെ ജനാധിപത്യ സംവിധാനത്തിന് അപകടകരമാണ്. അതുകൊണ്ട് മേലിലെങ്കിലും ജുഡീഷ്യറിയിൽ രാഷ്ട്രീയം കടത്തിവിടരുത്. രാഷ്ട്രീയ പരിഗണനവച്ച് ജുഡീഷ്യറിയിൽ നിയമനം നടത്താൻ പാടില്ല. അതിനുള്ള ഭരണഘടനാ ഭേദഗതി തന്നെ വരുത്തണം. കീഴ്വഴക്കങ്ങളും മാറണം. ജുഡീഷ്യറിയുടെ നിയമനം പൂർണ്ണമായും ഒരു സ്വതന്ത്രമായ ഏജൻസിക്ക് വിട്ടുകൊടുക്കണം. അങ്ങനെ നമ്മുടെ രാജ്യത്ത് ജുഡീഷ്യറിയുടെ പ്രവർത്തനം നിഷ്പക്ഷവും നീതിപൂർവ്വവും സ്വതന്ത്രവുമാക്കിത്തീർക്കണം. അതാണ് ഈ രാജ്യത്തെ ജനാധിപത്യത്തിന് അനുപേക്ഷണീയമായിട്ടുള്ളത്. ഈ സമീപനം കേന്ദ്രഗവൺമെൻറും സംസ്ഥാന ഗവൺമെൻറുകളും അംഗീകരിക്കണമെന്ന പൊതുനയം പറഞ്ഞു കൊണ്ട് ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ സർവ്വാത്മനാ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Shri Nalakath Sooppy : Sir, I move that the Kerala Civil Courts (Amendment) Bill, 1986 be circulated for eliciting public opinion till 31-12-1986.

ഞാൻ ഈ നിയമ ഭേഗതിയെ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞു ജഡ്ജിമാരുടെ നിയമനം നടത്തുന്നത് രാഷ്ട്രീയ പരിഗണന വച്ചുകൊണ്ടാണെന്ന്. എനിക്ക് പറയാനുള്ളത് അതാത് കാലങ്ങളിലെ ഗവൺമെൻറുകൾ പ്രത്യേകിച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ചിരുന്ന കാലഘട്ടത്തിലാണ് ഇതുപോലെയുള്ള സമീപനം സ്വീകരിച്ചിരുന്നതെന്നാണ്. ഏതായാലും നിയമപരമായ കാര്യം എന്നുള്ള നിലയ്ക്ക് ഇതിനെക്കുറിച്ച് എല്ലാവർക്കും യോജിക്കാവുന്ന രീതിയിൽ ഒരു തീരുമാനമെടുക്കാൻ സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. സാധിക്കുമെങ്കിൽ നല്ലതാണെന്നാണ് എൻെറ അഭിപ്രായം. മറെറാന്ന് പ്രായ പരിധി ഉയർത്തുന്നതിനെക്കുറിച്ചാണ്. അങ്ങനെ പ്രായപരിധി ഉയർത്തുമ്പോൾ സുപ്രീംകോടതി ജഡ്ജിമാരുടെയും ഹൈക്കോടതി ജഡ്ജിമാരുടെയും മാത്രം പോരാ മറെറ് കീഴ്കോടതി ജഡ്ജിമാരുടെയും പ്രായപരിധി ഉയർത്തുന്നതിനെക്കുറിച്ചും ആലോചിക്കണം. ഇപ്പോഴത്തെ പരിഗണനയിലുള്ള കാര്യം എന്താണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിന് മറുപടി പറയുമ്പോൾ വിശദീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സാധുക്കൾക്ക് നിയമപരമായ ആനുകൂല്യം കൊടുക്കുന്നതിനെക്കുറിച്ച് വർക്കല രാധാകൃഷ്ണൻ വളരെ കാര്യമായി പ്രസംഗിച്ചുകേട്ടു. എനിക്കറിയാം. അങ്ങൊരു വലിയ നിയമപണ്ഡിതനാണെന്ന്. പാർട്ടിയുടെ ഉത്തരവാദപ്പെട്ട വക്താവാണ്. പാർട്ടിക്കാർക്ക് സൗജന്യം കൊടുക്കുന്നുണ്ടോയെന്ന് എനിക്കറിയില്ല. എങ്കിലും സാധുക്കൾക്ക് നിയമത്തിൻെറ സംരക്ഷണം സൗജന്യമായി അനുവദിക്കുകയെന്നുള്ള കാഴ്ചപ്പാട് വർക്കലയെപ്പോലെയുള്ള വക്കീലൻമാരുടെ ഭാഗത്തുനിന്ന് കാര്യമായിട്ടുണ്ടാകുന്നുണ്ടോയെന്ന് എനിക്ക് സംശയമാണ്.

ശ്രീ. എം. എം. ഹസ്സൻ : ബഹുമാനപ്പെട്ട മെമ്പർ ഒരഭിഭാഷകനാണല്ലോ? അങ്ങ് മഴ സമയത്തെങ്കിലും കോടതിയിൽ പോകാറുണ്ടോ ?

ശ്രീ. നാലകത്തു സൂപ്പി : ഏതായാലും എനിക്ക് സൗകര്യപ്രദമായി കോടതിയിൽ കയറിയിരിക്കാനുള്ള സർട്ടിഫിക്കറ് എൻെറ കൈയിലുണ്ട്. അതുകൊണ്ട് പ്രത്യേകിച്ച് വിഷമമൊന്നുമില്ല. സാധുക്കൾക്ക് നിയമപരമായ സംരക്ഷണം സൗജന്യമായി ചെയ്തുകൊടുക്കുന്നതിനുള്ള ഏർപ്പാട് നമ്മുടെ സംസ്ഥാന ഗവൺമെൻറ് ആവിഷ്കരിച്ചിട്ടുണ്ട്. അത് പോരാ. ഫീസ് വാങ്ങുന്നതിനൊക്കെ ഹംസയെപ്പോലുള്ള വക്കീലൻമാരൊക്കെ ഒരു ലിമിറ് വച്ചാൽ തരക്കേടില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഈ നിയമഭേഗതി ഇവിടെ നടപ്പിലാകുന്നതോടുകൂടി ഇന്നു കാണുന്ന സബ്കോടതികളിലെ പ്രയാസങ്ങൾ അതായത് സബ്കോടതി ജഡ്ജിമാരുടെ ജോലി ഭാരം കുറയ്ക്കാൻ സാധിക്കും. ആ രീതിയിൽ ഇത് പാസാക്കണം. അതിനുവേണ്ടി എല്ലാ പിന്തുണയും എൻെറ ഭാഗത്തുനിന്നുണ്ടാകും.

Shri T. K. Hamza : Sir, I move that the Kerala Civil Courts (Amendment) Bill, 1986 be referred to a Select Committee with instructions to report back before 30-12-1986.

LIBRARY ARCHIVES Kerala Legislative Assembly

ഈ ബില്ലിന്റെ തത്വത്തോട് യോജിക്കുകയാണ്. ഒരു ചെറിയ വസ്തുത മാത്രം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടഭ്യർത്ഥിക്കാനുണ്ട്. പണപ്പെരുപ്പത്തിന്റെയും സാധനങ്ങളുടെ വിലക്കയറ്റത്തിന്റെയും അടിസ്ഥാനത്തിലുണ്ടായിട്ടുള്ള ഒരു സാഹചര്യത്തെ പരിഗണിച്ചുകൊണ്ടാണ് ഈ സിവിൽ കോടതിയിലെയും സബ് കോടതിയിലെയും ജൂറിസ്ഡിക്ഷൻ വർദ്ധിപ്പിക്കണമെന്ന ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ആ നിലയ്ക്ക് അത്തരം കേസുകൾ കൈകാര്യം ചെയ്യുന്ന ജഡ്ജിമാരുടെ സ്ഥിതിവിശേഷവും പരിഗണിക്കേണ്ടതു് ഒരാവശ്യമാണ്. മറ്റ് സംസ്ഥാനങ്ങളിലുള്ള ജഡ്ജിമാരുടെ വരുമാനവുമായി കേരളത്തിലുള്ള ജഡ്ജിമാരുടെ വരുമാനത്തെ താരതമ്യപ്പെടുത്തിയാൽ ഇവിടെയുള്ളവർക്ക് വളരെ കാര്യമായിട്ടുള്ള വരുമാനമുണ്ടെന്നു് തോന്നുന്നില്ല. ഇപ്പോഴത്തന്നെ ഹൈക്കോടതി ജഡ്ജിമാരുടെയും സുപ്രീം കോടതി ജഡ്ജിമാരുടെയും ശമ്പളസ്ഥിതിയും മറ്റും മാറ്റുന്നതിനുവേണ്ടി രണ്ടാഴ്ചനാ ഭേദഗതി ബിൽ പരിഗണിക്കുകയും നമ്മുടെ സംസ്ഥാന നിയമസഭയിലേക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ആ തരത്തിലുള്ള വിഷമങ്ങളും പ്രയാസങ്ങളും താഴെയുള്ള ചെറിയ ജഡ്ജിമാർക്കുമുണ്ടാകുമെന്നുള്ളത് പരിഗണിക്കാൻ യാതൊരു വിധത്തിലും മടികാണിക്കേണ്ടയാവശ്യമില്ല. നിർഭയമായും നിഷ്പക്ഷമായും നീതിനിർവ്വഹണം നടത്തുന്നതിന് ജഡ്ജിമാരുടെ അന്തസ് വർദ്ധിപ്പിക്കേണ്ടതാവശ്യമാണ്. അല്ലാതിരിക്കുന്ന സാഹചര്യത്തിൽ ചില കമ്മീഷനുകൾ കിട്ടാനും മറ്റ് അഡീഷണലായിട്ട് പല വരുമാനമാർഗ്ഗങ്ങളും കണ്ടുപിടിക്കാനുമുള്ള ത്വര ജഡ്ജിമാരുടെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ലേയെന്ന് സംശയിക്കേണ്ട സാഹചര്യം ഇന്ന് നിലവിലുണ്ട്. സാധനങ്ങളുടെ വിലക്കയറ്റവും സമൂഹത്തിലെ മറ്റ് പരിതഃസ്ഥിതികളും പരിഗണിച്ചുകൊണ്ട് ഈ ജൂറിസ്ഡിക്ഷൻ വർദ്ധിപ്പിക്കുന്നതുപോലെതന്നെ ജഡ്ജിമാരുടെ സ്റ്റാറ്റസും പരിതഃസ്ഥിതിയും നന്നാക്കിത്തീർക്കുന്നതിനു് നടപടി സ്വീകരിക്കേണ്ടതാവശ്യമാണ്. കോടതികളുടെ അന്തസ് ഉയർത്തിക്കാണിക്കാനും മറ്റൊരു കാര്യത്തിനും അത് ഉപകാരപ്രദമാണ്. നിയമം നന്നായി കൈകാര്യം ചെയ്തു് പരിചയമുള്ളവരും നല്ല പരിജ്ഞാനമുള്ളവരും നിയമസംവിധാനത്തിൽ പേരും പ്രശസ്തിയുമുള്ളവരുമായിട്ടുള്ള അഭിഭാഷകൻമാർ സ്വാഭാവികമായും ജഡ്ജി ഉദ്യോഗത്തിലേക്ക് കയറാൻ മടി കാണിക്കുന്നത് വരുമാനത്തിലുള്ള വ്യത്യാസം കൊണ്ടാണ്. അതുകൊണ്ട് ആ പരിതഃസ്ഥിതി പരിഗണിച്ച് ജഡ്ജിമാരുടെ സ്ഥിതി ആകർഷണീയവും അഭിലഷണീയവുമാക്കി മാറ്റുന്നതിനുവേണ്ട നടപടിയും ഇതോടൊപ്പം ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : ഞാൻ ഈ ബില്ലിനെ പൊതുവെ സ്വാഗതം ചെയ്യുകയാണ്. സബ് കോടതികളിൽ ജോലിഭാരം വർദ്ധിക്കുന്നുവെന്നാണ് ഇതിൽ പ്രധാനപ്പെട്ട ഒരു കാരണമായി പറഞ്ഞിരിക്കുന്നത്. മുൻസിഫ് കോടതിയിലുള്ള ജോലി ഭാരം കുറയുന്നുവെന്നുമുള്ളതാണ്. അത് പൂർണ്ണമായും ശരിയല്ലെന്നാണ് എനിക്ക് പറയുവാനുള്ളത്. സബ് കോടതികളുടെ ജോലിഭാരം വർദ്ധിക്കുന്നുവെന്ന് പറയുന്നത് ശരിയാണ്. അതേ അവസരത്തിൽ ചുരുക്കം ചില മുൻസിഫ് കോടതികളിലെങ്കിലും ഇന്ന് ജോലിഭാരം വർദ്ധിക്കുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. ശ്രീ. വർക്കല രാധാകൃഷ്ണൻ ഇവിടെ രാഷ്ട്രീയ പരിഗണനയുടെ കാര്യം സൂചിപ്പിച്ചു. രാഷ്ട്രീയ പരിഗണന വച്ചുകൊണ്ടായാലും ശരി അല്ലെങ്കിലും ശരി ഇന്നും സിവിൽ കേസുകളും അതുപോലെതന്നെ ക്രിമിനൽ കേസുകളും ഒരുപോലെ കൈകാര്യം ചെയ്യേണ്ട പല കോടതികളും നമ്മുടെ സംസ്ഥാനത്തുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതായത് മുൻസിഫ് കോടതികളുടെ പേരിൽ ഇന്നും പ്രവർത്തിക്കുന്ന കോടതികളും ഉണ്ട്. ആ കോടതികളിൽ യഥാർത്ഥത്തിൽ സിവിലും കേസുകളും അതുപോലെതന്നെ ക്രിമിനൽ കേസുകളും കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. അങ്ങനെയുള്ള കോടതികളിൽ ജോലി ഭാരം കുറയുന്നില്ല. പല അവസരങ്ങളിലും ജോലിഭാരം വർദ്ധിക്കുകയാണ് ചെയ്യുന്നത്. നിശ്ചയമായും സിവിൽ കേസുകളും ക്രിമിനൽ കേസുകളും ഒരുപോലെ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന മുൻസിഫ് മജിസ്ട്രേട്ട് കോടതികളും വേർതിരിക്കാനും അതിനാവശ്യമായ മജിസ്ട്രേട്ടുമാരെ നിയമിക്കാനും അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് പ്രധാനമായും ഈയവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. എനിക്ക് മുമ്പു സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിച്ചതുപോലെ ഇന്ന് അർഹതയുള്ള, യോഗ്യതയുള്ള പല ആളുകളും മജിസ്ട്രേട്ടുമാരായും മുൻസിഫുമാരായും നിയമിക്കപ്പെട്ടാലും അവർ അത് സ്വീകരിക്കാൻ തയ്യാറാകുന്നില്ല. അതിന്റെ പ്രധാനപ്പെട്ട കാരണം അവർക്ക് അർഹമായ നിലയിലുള്ള പരിഗണന, മറ്റ് പദവികളും, അതിനോടനുസൃതമായ മറ്റ് സാഹചര്യങ്ങളും ഇവയൊന്നുംതന്നെ ലഭിക്കുന്നില്ലെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് പ്രഗൽഭരായ, നിയമം കൈകാര്യം ചെയ്യാൻ കഴിയുന്ന പല ആളുകളും നമ്മുടെ ജുഡിഷ്യറിയിലേക്ക് കടന്നുവരുവാൻ തയ്യാറാകാതെ അറച്ചു നിൽക്കുന്നു. അതുകൊണ്ട് പലരും അഭിഭാഷകൻമാരായി പണിയെടുക്കാനാണ് ആഗ്രഹിക്കുന്നത്. ആ സ്ഥിതിക്ക് ഒരു വ്യത്യാസം വരുത്തുകയെന്നുള്ളത് നമ്മുടെ ജുഡീഷ്യറിയുടെ സുഗമമായ, കാര്യക്ഷമമായ, ഫലപ്രദമായ പ്രവർത്തനത്തിന് ഏറ്റവും അനിവാര്യമായിട്ടുള്ള ഒരു സംഗതിയാണ്.

അതുപോലെതന്നെ കോർട്ട് ഫീസ് കുറയ്ക്കണമെന്ന ആവശ്യവും പ്രധാനമായി ഗവൺമെന്റ് കണക്കിലെടുക്കണം. ശ്രീ. രാധാകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചതുപോലെ കൂടുതൽ സാമ്പത്തിക സൗകര്യമുള്ള ആളുകൾക്ക് ഒരു സ്ലാബ് നിശ്ചയിച്ച് അത്തരത്തിൽ അവരിൽനിന്നും കോർട്ട്ഫീസ് ഈടാക്കുന്നതിൽ യാതൊരു തെറ്റുമില്ല. സാധാരണക്കാരായ ആളുകളെ സംബന്ധിച്ചിടത്തോളം അവർക്ക് കോർട്ട് ഫീസ് കുറച്ചുകിട്ടുന്നതിനാവശ്യമായ വിധത്തിലുള്ള നടപടിക്രമങ്ങളും കൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഈ ബില്ലിന്റെ ഉള്ളടക്കത്തോട് ആരും വിയോജിച്ചതായി കാണുന്നില്ല. എല്ലാ ഭാഗങ്ങളിൽനിന്നും സ്വാഗതം ചെയ്തതിന് ഞാൻ ആദ്യമായി നന്ദി പ്രകാശിപ്പിക്കുകയാണ്. ഈ ബില്ലിന്റെ ചർച്ചയുടെ പരിധിക്കുള്ളിൽ വരുന്നതല്ലായെങ്കിലും ജഡ്ജിമാരുടെ പ്രായപരിധിയേയും ജഡ്ജിമാരുടെ സേവനവ്യവസ്ഥയേയും സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. സേവനവ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം നമ്മുടെ സംസ്ഥാനത്ത് പേ-കമ്മീഷൻ ചില ശുപാർശകൾ ചെയ്തത് അത് അംഗീകരിച്ചിട്ടുണ്ട്. എങ്കിലും അവർക്ക് ചില ഗ്രീവൻസ് ഉണ്ട്. അത് ശരിയായ നിലയിൽ പരിശോധിച്ച് പരിഹരിക്കേണ്ടതാണ്. ഇതിനിടയിൽ അവർക്ക് നൽകേണ്ട സൗകര്യങ്ങളെക്കുറിച്ച് ചില നടപടികൾ ഗവൺമെന്റ് ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ കാര്യത്തിൽ ചീഫ് ജസ്റ്റിസ് വളരെ താൽപ്പര്യപൂർവ്വം പ്രവർത്തിക്കുകയും സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ട് ഈ കാര്യത്തിൽ എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്നുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ചുകൊണ്ടിരിക്കുകയുമാണ്. അതുകൊണ്ട് അവരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം മെച്ചപ്പെടുത്താൻ ഗവൺമെൻറ് എപ്പോഴും തയ്യാറാണ്. വരുമാനം മാത്രം കണക്കാക്കിയാണ് ജുഡീഷ്യൽ സർവ്വീസിലേക്ക് വരുന്നത് എന്നുള്ള ധാരണ തെറ്റാണ്. മാന്യമായ ജോലി, സത്യസന്ധമായി നിർവ്വഹിക്കണമെന്ന ആഗ്രഹത്താലാണ് വരുന്നത്, അല്ലാതെ പ്രാക്ടീസ് ചെയ്യുന്നത് അധിക മോഹമുള്ള ആളുകൾ ആണ്, അല്ലാത്തവർ ഈ കാര്യത്തിന് വരുന്നില്ലായെന്നൊക്കെ പറഞ്ഞ് ആക്ഷേപിച്ചത് ശരിയല്ല. നല്ല വിദഗ്ദ്ധൻമാരായ വക്കീലൻമാർ ഈ രംഗത്ത് വരുന്നുണ്ട്. ഈ സർവ്വീസിലേക്ക് വരാത്തവരെല്ലാം മോശക്കാരാണ് എന്ന് പറയാൻ സാധിക്കുമോ ? ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഇവിടെ സംസാരിച്ചു. അദ്ദേഹം വളരെ കഴിവുള്ള ഒരു അഭിഭാഷകനാണ്. അത്തരത്തിൽ കഴിവുള്ള അഭിഭാഷകൻമാരെ നമ്മൾ ഒരിക്കലും ആക്ഷേപിക്കാൻ പാടില്ല. എന്തായാലും ശരി ജുഡീഷ്യൽ സർവ്വീസിന് ആ ഒരു ബുദ്ധിമുട്ട് വരുന്നില്ല.

പ്രായപരിധിയെ സംബന്ധിച്ചിടത്തോളം ഇന്ന് വലിയൊരു ആശയക്കുഴപ്പമുണ്ട്. നേരത്തെ കാർഷിക യൂണിവേഴ്സിറ്റിയുടെ ബില്ല് വന്നപ്പോൾ 60 വയസ് എന്നു പറഞ്ഞതിനെക്കുറിച്ചും വിമർശനമുണ്ടായി. ഇപ്പോൾ ജഡ്ജിമാരുടെ വയസ് വർദ്ധിപ്പിക്കുന്ന കാര്യത്തിലും വന്നു. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം ഇൻഡ്യയിലുള്ള എല്ലാ യൂണിവേഴ്സിറ്റികളിലും 60 വയസാണ്, ഇവിടെ മാത്രമേ വയസ് കുറവുള്ളൂ. അതുകൊണ്ട് വിദഗ്ദ്ധരായ ആളുകളുടെ സേവനം ഇവിടെ കിട്ടാതെ വരരുതെന്നു കരുതി ഇൻഡ്യയിലെ എല്ലാ യൂണിവേഴ്സിറ്റികളിലേയും പ്രായപരിധി അനുസരിച്ച് നമ്മളും പ്രായപരിധി ഏർപ്പെടുത്തിയതാണ്. ജില്ലാ കോടതികളെ സംബന്ധിച്ചിടത്തോളം ഹൈക്കോടതിയുടേയും, സുപ്രീം കോടതിയുടേയും കാര്യം ഇൻഡ്യാ ഗവൺമെൻറിന്റെ കാര്യമായ പരിഗണനയിൽ ആണ്. അതേയവസരത്തിൽ ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഈ സംസ്ഥാന ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഇന്നുള്ള പ്രായപരിധിയായ 55 വയസ് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഈ ഗവൺമെൻറിന് താൽപ്പര്യമില്ല എന്നു മാത്രമല്ല സംസ്ഥാന ഗവൺമെൻറ് അതിനെതിരുമാണ്. എന്നാൽ ജുഡീഷ്യൽ സർവ്വീസിനെ സംബന്ധിച്ചിടത്തോളം ആവശ്യമായ മാറ്റം വേണ്ടിവരും. സാധാരണയൊരു ചൊല്ലുണ്ട് 'തെങ്ങിനും കവുങ്ങിനും ഒരുപോലെ തളപ്പിടരുത്' എന്ന്. അതുകൊണ്ട് എല്ലാ ഉദ്യോഗത്തിനും 55 വയസ് തിട്ടപ്പെടുത്തുന്നത് ശരിയല്ല. ശാസ്ത്ര സാങ്കേതിക രംഗത്തുള്ള വിദഗ്ദ്ധൻമാർ, നിയമപരമായി പാണ്ഡിത്യമുള്ള ആളുകൾ തുടങ്ങിയ ആളുകൾക്ക് മെച്യൂരിറ്റി വരുന്നതുതന്നെ ഒരു പ്രത്യേക സ്റ്റേറ്റജിൽ വരുമ്പോഴാണ്. അങ്ങനെയുള്ള സ്പെഷ്യാലിറ്റിയെ സംബന്ധിച്ചിടത്തോളം പരിഗണിക്കേണ്ടിവരും. നേരെ മറിച്ച് വയസ് വർദ്ധിപ്പിക്കുന്നതിനോ ഈ ഗവൺമെൻറ് ഒരിക്കലും അനുകൂലിക്കുന്നില്ലായെന്നും വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയുമാണ്.

ശ്രീ. ഇ. കെ. നായനാർ : ലൈബ്രേറിയനും ഇപ്പോൾ 60 വയസ് എന്നാണ് കാണുന്നത്. ശാസ്ത്രജ്ഞൻമാരുടെ കാര്യം മനസ്സിലാക്കാം. ലൈബ്രേറിയനും 60 വയസ്സാക്കിയിരിക്കുന്നു!

ശ്രീ. ബേബിജോൺ : ഇപ്പോൾ ഇവിടെ നിന്നും സബ്ജക്ട് കമ്മിറ്റിക്ക് പോയ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

പാസ്സാക്കിക്കഴിഞ്ഞാൽ ഈ സംസ്ഥാനത്തുള്ള എല്ലാ അദ്ധ്യാപകർക്കും ഒടുവിൽ 60 വയസ്സാക്കേണ്ടി വരും; കാരണം ആ രീതിയിൽ വളരെ വിപുലമായ രീതിയിൽ ദോഷം ചെയ്യുന്നതായതു കൊണ്ടാണ് പറയുന്നത്. അല്ലാതെ വിദഗ്ധൻമാർക്ക് കൊടുക്കുന്നതിനെക്കുറിച്ചല്ല പറഞ്ഞത്. ഇന്ന് അവതരിപ്പിച്ചിരിക്കുന്ന രീതിയിൽ അത് പാസ്സാക്കിയാൽ ഈ സംസ്ഥാനത്തുള്ള എല്ലാ അദ്ധ്യാപകർക്കും അങ്ങനെ കൊടുക്കേണ്ടി വരും.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : ഞാൻ അങ്ങയുടെ ശ്രദ്ധയിൽ ഒരു കാര്യം കൊണ്ടുവരികയാണ്. അങ്ങ് വിദ്യാഭ്യാസവകുപ്പ് മന്ത്രിയായിരുന്ന ആളാണല്ലോ, നമ്മുടെ കേരളത്തിൽ യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെൻറിലെ ടീച്ചിംഗ് സ്റ്റാഫിൻെറ ഏജ് 60 ആണ്. അതുപോലെ തന്നെ നമ്മുടെ അവർക്ക് ഓപ്ഷൻ കൊടുത്തിട്ടുണ്ട്. അതിൽ 60 ഓപ്റ്റ് ചെയ്തവരുണ്ട്, 58 ഓപ്റ്റ് ചെയ്തവരുണ്ട്. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കാര്യംതന്നെ പറഞ്ഞാൽ പി.എച്ച്.ഡി. എടുത്തവരും, എം.ഫിൽ എടുത്തവരുമായ ഉന്നതൻമാരാണ് ഇവിടെ പ്രൊഫസേഴ്സ് ആയി വരുന്നത്. അങ്ങനെയുള്ള ആളുകളെ അനുവദിക്കാതിരുന്നാൽ എങ്ങനെയാണ് ?

ശ്രീ. ബേബിജോൺ : യു.ജി.സി. യുടെ എയ്ഡ് ഉള്ളവർക്കാണ് 60 വയസ് വരെ കൊടുത്തിരിക്കുന്നത്. ഇവിടെ യു.ജി.സി. എയ്ഡ് കിട്ടുന്നില്ലേ, ഇവിടെ അത് എല്ലാ ടീച്ചേഴ്സിനും കൊടുക്കാനുള്ള നിയമമല്ലേ എഴുതിവച്ചിരിക്കുന്നത് ?

ശ്രീ. കെ. കരുണാകരൻ : ഏതായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആ പ്രശ്നം വരുന്നില്ല. സംസ്ഥാന ഗവൺമെൻറ് ഇത് വർദ്ധിപ്പിക്കുന്ന പ്രശ്നമില്ല. മറൊരു കാര്യം, കേസ്സിൻെറ തുക വർദ്ധിപ്പിച്ചുവെങ്കിലും പാവങ്ങളുടെ കാര്യം പറഞ്ഞു. ഇപ്പോഴും തന്നെ സിവിൽ പ്രൊസീഡ്യൂവർ കോഡിൽ പാവപ്പെട്ട ആളുകൾക്ക് ഞങ്ങളും സാമ്പത്തികമായി കഴിവില്ലാത്തവരാണ്, പാപ്പരാണ് എന്ന് പറഞ്ഞ് അപേക്ഷിച്ചാൽ കാശ് കൊടുക്കാതെതന്നെ അവർക്ക് കേസ് ഫയൽ ചെയ്യാം. അതിനാൽ ആ ഒരു കാര്യം ഈ ബില്ലുമായി ബന്ധപ്പെട്ടതല്ലെങ്കിൽപോലും ഇതിന് ഇപ്പോഴുതന്നെ വ്യവസ്ഥയുണ്ട്. ഏതായാലും ഒരു പരാതിയുണ്ട്, നിയമത്തിൻെറ ആനുകൂല്യം സാമ്പത്തികമായി സൗകര്യമുള്ള ആളുകൾക്കേ കിട്ടുന്നുള്ളു എന്നാണത്. അത് പരിഹരിക്കാൻ വേണ്ടി ഇൻഡ്യാഗവൺമെൻറും, സംസ്ഥാന ഗവൺമെൻറും പരമാവധി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ ബില്ലിൻെറ പരിധിയിൽ വരുന്നതല്ലെങ്കിലും ആ വക കാര്യങ്ങളിൽ ഗവൺമെൻറ് ഇപ്പോഴുതന്നെ നടപടി സ്വീകരിച്ചു കഴിഞ്ഞതാണ്. തർക്കമില്ലാത്തതായതുകൊണ്ട് ഇത് സബ്ജക്ട്സ് കമ്മിറ്റിക്ക് വിടണമെന്ന പ്രമേയം പാസ്സാക്കിതരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. നാലകത്ത് സൂപ്പി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

1986-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ ആഭ്യന്തരകാര്യം സംബന്ധിച്ച 10-ാം സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ 10-ാം സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

(3) 1986–ലെ കേരള ടോൾ (ഭേദഗതി) ബിൽ

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) : സർ, 1986-ലെ കേരള ടോൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ട് ഉള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : സർ, 1986-ലെ കേരള ടോൾ (ഭേദഗതി) ബിൽ പൊതുമരാമത്തും, ഗതാഗതവും, വാർത്താവിനിമയവും സംബന്ധിച്ച 5-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : ഞാൻ പിൻതാങ്ങുന്നു.

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : 1976-ലെ ടോൾ ആക്ട് പ്രകാരം 15 ലക്ഷം രൂപയിൽ കവിഞ്ഞു ചെലവ് വരുന്ന പാലങ്ങൾക്ക് ടോൾ പിരിക്കാനുള്ള അധികാരം ഗവൺമെന്റ് ഇന്ന് നൽകുന്നുണ്ട്. ടോളിൽ നിന്നു കിട്ടുന്ന സംഖ്യ മറ്റ് പാലങ്ങളും റോഡുകളും ഉണ്ടാക്കാൻ വിനിയോഗിക്കണമെന്നാണ് ആ ആക്ടിൽ പറയുന്നത്. ഇപ്പോൾ കൊണ്ടുവന്ന ഭേദഗതി പ്രകാരം 15 ലക്ഷമെന്നുള്ളത് 25 ലക്ഷത്തിൽ കവിയുന്ന ചെലവ് വരുന്ന പാലങ്ങൾക്ക് മാത്രം ടോൾ പിരിക്കുകയെന്നുള്ള ഭേദഗതിയാണ്. അതുപോലെ നിലവിലുള്ള നിയമത്തിൽ പാലങ്ങളുടേയും റോഡുകളുടേയും ആവശ്യത്തിന് ഈ സംഖ്യ എടുക്കുക എന്നു പറയുമ്പോൾ റോഡുകൾക്ക് ടോൾ പിരിക്കേണ്ട ഒരു സ്ഥിതിയാണ്. അത് അപ്രായോഗികമാണെന്ന് കണ്ടതുകൊണ്ട് പാലങ്ങൾക്ക് മാത്രമായി ഈ സംഖ്യ ഉപയോഗിക്കുക എന്നുള്ള ഒരു ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. 1976-ലെ ആക്ട് 1983-ലാണ് നിലവിൽ വന്നത്. അതുകൊണ്ട് 1976 മുതൽ 1983 വരെ നിർമ്മാണം പൂർത്തിയായ പാലങ്ങൾ 1983-ൽ നടപ്പിൽ വന്നതായി കണക്കാക്കി കൊണ്ട് നികുതി പിരിക്കുക എന്നുള്ളതാണ്. പുതിയ പാലങ്ങൾ നിർമ്മിക്കുവാൻ ഗവൺമെന്റിന് വേണ്ടത്ര സാമ്പത്തിക ശേഷിയില്ലാത്തതു കൊണ്ട് ധനകാര്യസ്ഥാപനങ്ങളോ മറ്റ് ഏജൻസികളോ പാലങ്ങൾ നിർമ്മിക്കാൻ മുന്നോട്ട് വരികയാണെങ്കിൽ അവർക്ക് അവരുടെ മുതലും പലിശയും ഈടാക്കുന്നതുവരെ ടോൾ പിരിക്കുവാനുള്ള അനുവാദം ഈ ഭേദഗതിമൂലം നല്കണം. ഇതെയുമാണ് ഈ പുതിയ ഭേദഗതിമൂലം നിർദ്ദേശിക്കുന്നത്. അതിനുവേണ്ടി ഈ ആക്ടിലെ 2, 3, 12 എന്നീ വകുപ്പുകൾ ഭേദഗതി ചെയ്യുകയും, 3 (എ) വകുപ്പ് കൂടുതൽ ചേർക്കുകയും ചെയ്യുന്ന ഒരു ചെറിയ ബില്ലാണ്. ഇത് എല്ലാപേരും അനുകൂലിക്കുന്ന ഒരു നിയമ നിർമ്മാണമായതു കൊണ്ട് ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly